(ഡി) എന്നു മുതൽ പ്രസ്തുത വ്യവസായം തുടങ്ങുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മൈലത്ത് കിൻഫ്രയുടെ ആഭിമുഖ്യത്തിൽ ഒരു ബയോടെക്നോളജി പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച നിർദ്ദേശത്തിന്റെ ഭാഗമായി കഴിഞ്ഞ ഡിസംബറിൽ ഒരു ബയോടെക്നോളജി ഇൻവെസ്റ്റേഴ്സ് മീറ്റ് തിരുവനന്തപുരത്ത് നടത്തുകയുണ്ടായി. ഇതിന്റെ തുടർച്ചയായി കേരളത്തിൽ മൈലത്തും കളമശ്ശേരിയിലും ബയോടെക്പാർക്കുകൾ കേന്ദ്ര സഹായത്തോടെ തുടങ്ങുന്നതിനുള്ള വിശദമായ ഒരു പ്രോജക്ട് റിപ്പോർട്ടും ബിസിനസ്സ് പ്ലാനും തയ്യാറാക്കുന്നതിനുള്ള ചുമതല ബയോടെക്നോളജി കൺസോർഷ്യം ഇൻഡ്യാ ലിമിറ്റഡിനെ ഏൽപ്പിച്ചിട്ടുണ്ട്. ഈ സാധ്യതാ റിപ്പോർട്ടിന്റെ ശുപാർശകളെ ആശ്രയിച്ചായിരിക്കും മേൽ നടപടികൾ സ്വീകരിക്കുക.

(ബി) കേന്ദ്ര സഹായമൊന്നും ഇതുവരെ വാഗ്ദാനം ചെയ്തിട്ടില്ല.

(സി & ഡി) മുകളിൽ 'എ' പിരിവിനുള്ള ഉത്തരം ശ്രദ്ധിച്ചാലും.

**സ്വയം തൊഴിൽ പദ്ധതികൾക്ക് വായ്പ നൽകുന്നതിനായി നടപടി**

80 (588) ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) ജില്ലാ വ്യവസായ കേന്ദ്രത്തിൽ പി.എം.ആർ.വൈ. സ്കീമിൽ സ്വയം തൊഴിൽ പദ്ധതിക്കായി അപേക്ഷിക്കുകയും വ്യവസായ കേന്ദ്രം നടത്തുന്ന കൂടിക്കാഴ്ചയിൽ വിജയിക്കുകയും ചെയ്ത അപേക്ഷകരെയെല്ലാം വായ്പ നൽകുന്നതിനായി ബാങ്കുകൾ പരിഗണിക്കാറില്ലെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കൃത്യമായി പ്രോജക്ട് സമർപ്പിച്ചു കൂടിക്കാഴ്ചയിൽ വിജയിച്ച തൊഴിൽരഹിതരെ ബാങ്കുകൾ തള്ളിക്കളയുന്നതിൽ ഗവൺമെന്റിന് എന്തെങ്കിലും നടപടികൾ കൈക്കൊള്ളാൻ കഴിയുമോ ;

(സി) പി.എം.ആർ.വൈ.സ്കീമിൽ സ്വയം തൊഴിലിന് അപേക്ഷിക്കുകയും കൂടി കാഴ്ചയിൽ വിജയിക്കുകയും ചെയ്യുന്ന മുഴുവൻ അപേക്ഷകൾക്കും ബാങ്കുകളിൽ നിന്നും വായ്പ ലഭ്യമാക്കുന്നത് ഉറപ്പു വരുത്തുന്നതിന് സർക്കാർ തലത്തിൽ സംവിധാനം ഏർപ്പെടുത്തുവാൻ നടപടികളെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വിവിധ ബാങ്കുകൾക്ക് നിശ്ചയിച്ചിരിക്കുന്ന ടാർജറ്റിന്റെ 125% അപേക്ഷകളാണ് പി.എം.ആർ.വൈ. ടാസ്ക് ഫോഴ്സ് കമ്മിറ്റി വിവിധ ബാങ്കുകളിലേക്ക് ശുപാർശ ചെയ്യുന്നത്. ഇതിൽ നിന്നും ബാങ്ക് അർഹതപ്പെട്ട വർക്ക് ടാർജറ്റിനു വിധേയമായി വായ്പ നൽകി വരുന്നു. ആയതിനാൽ നിർദ്ദിഷ്ഠ 100% അപേക്ഷകർക്ക് മാത്രമേ വായ്പ നൽകാൻ സാദ്ധ്യതയുള്ളു. ബാക്കിവരുന്നു 25% അപേക്ഷകർക്ക് വായ്പ ലഭിക്കുവാൻ സാദ്ധ്യതയില്ല. ഇക്കാര്യത്തിൽ ബാങ്കുകളെ നിർബ്ബന്ധിക്കുവാൻ സംസ്ഥാന സർക്കാരിന് കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇത് കേന്ദ്രസർക്കാരിന്റെ സ്കീമാണ്. ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ ആണ് തീരുമാനമെടുക്കേണ്ടത്.

**കൈത്തറി സഹകരണ സംഘങ്ങൾക്കുള്ള റിബേറ്റ്**

**81 (598)** ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് കൈത്തറി തുണിത്തരങ്ങൾക്ക് 20% വില കുറച്ച് വിൽപ്പന നടത്തിയ വിവിധ കൈത്തറി നെയ്ത്ത് സഹകരണ സംഘങ്ങൾക്ക് കൊടുത്തു തീർക്കുവാനുള്ള റിബേറ്റ് തുക എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിൽ പ്രാഥമിക സഹകരണ സംഘങ്ങൾ, വ്യവസായ സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ് എന്നിവയ്ക്ക് നൽകാനുള്ള തുക എത്ര വീതമെന്ന് വിശദമാക്കുമോ ;

(സി) ഈ റിബേറ്റ് തുക കൊടുത്തു തീർക്കാതിരിക്കുവാനുള്ള കാരണമെന്താണ് ;

(ഡി) ക്ലെയിം ചെയ്ത റിബേറ്റ് തുക നിരസിക്കുന്നതിനുള്ള മാനദണ്ഡം എന്താണ്;

(ഇ) പ്രസ്തുത കുടിശ്ശിക തുക എന്നത്തേക്ക് കൊടുത്തു തീർക്കാനാവും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1,42,14,445 രൂപ

(ബി) വ്യവസായ സഹകരണ സംഘങ്ങൾ ഉൾപ്പെടെയുള്ള പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾക്ക് 1,42,14,445 രൂപയും ഹാന്റെക്സിന് 2,49,12,665 രൂപയും ഹാൻവീവിന് 2,84,93,235 രൂപയും കൊടുക്കുവാനുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ചാണ് റിബേറ്റ് തുക നല്കി വരുന്നത്.

(ഡി) റിബേറ്റ് അനുവദിക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിക്കാതിരിക്കുമ്പോഴാണ് റിബേറ്റ് തുക നിരസിക്കുന്നത്.

(ഇ) ഫണ്ടിന്റെ ലഭ്യതയ്ക്കനുസൃതമായി റിബേറ്റ് കുടിശ്ശിക നല്കി കൊണ്ടിരിക്കുകയാണ്.

**എം.സി.എ. ഇനത്തിൽ അനുവദിച്ച തുക**

**82 (599)** ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97, 1997-98 എന്നീ വർഷങ്ങളിൽ കൈത്തറി സഹകരണ സംഘങ്ങൾക്കായി എം.സി.എ. ഇനത്തിൽ എന്തു തുക കേന്ദ്രസർക്കാർ അനുവദിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly